**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 130** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>ജീവിത ശൈലി രോഗ സ്ക്രീനിംഗ്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. നജീബ് കാന്തപുരം

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് ജീവിതശൈലീ രോഗ നിർണ്ണയത്തിനായി പുതുതായി നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

**<u>മറുപടി:</u>** സംസ്ഥാനത്ത് ജീവിതശൈലി രോഗങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ആരോഗ്യവകുപ്പിന് കീഴിൽ ഈ രോഗങ്ങളുടെ നിയന്ത്രണത്തിനായി വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. പ്രധാനമായും മൂന്ന് തലങ്ങളിലാണ് ജീവിതശൈലി രോഗപ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നത്. ആശാപ്രവർത്തകരിലൂടെ ഗൃഹ സന്ദർശനം നടത്തി ജീവിതശൈലി രോഗങ്ങൾ വരാനുള്ള സാധ്യത കണ്ടെത്തുന്നതിനുള്ള വാർഷിക ആരോഗ്യ സർവ്വേ ഇ-ഹെൽത്ത് വികസിപ്പിച്ചെടുത്ത ശൈലി ആപ്ലിക്കേഷനിലൂടെ നടപ്പിലാക്കി വരുന്നു. രോഗലക്ഷണങ്ങൾ കണ്ടെത്തുന്നവർ ജനകീയാരോഗ്യകേന്ദ്രങ്ങളിലേക്കും തുടർന്ന് രോഗ സ്ഥിരീകരണത്തിനായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലേക്കും റെഫർ ചെയ്യുന്നതാണ് പ്രാഥമികതലത്തിൽ ചെയ്തുവരുന്നത്. രോഗം സ്ഥിരീകരിക്കുന്ന വ്യക്തികൾക്ക് മരുന്നും, ചികിത്സയും പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ നിന്നുതന്നെ സൗജന്യമായി നൽകിവരുന്നു. ഇതിനുപുറമെ, ഗുരുതര ശ്വാസകോശരോഗമായ സി.ഒ.പി.ഡി. കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനുമുള്ള ശ്വാസ് പദ്ധതിയും, നേത്രപടല അന്ധത കണ്ടെത്തുന്നതിനുള്ള നയനാമൃതം പദ്ധതിയും പ്രാഥമികതലത്തിൽ തന്നെ നടപ്പിലാക്കി വരുന്നു. സെക്കണ്ടറിതല പ്രവർത്തനങ്ങളുടെ ഭാഗമായി സ്ട്രോക്ക് യൂണിറ്റുകളും, കാത്ത് ലാബുകളും, ഡയാലിസിസ് യൂണിറ്റുകളും, കാൻസർ കെയർ യൂണിറ്റുകളും ജില്ലാ/താലൂക്ക് ആശുപത്രികളിൽ പ്രവർത്തിച്ചു വരുന്നുണ്ട്. ഈ പദ്ധതിയുടെ കീഴിൽ പുതുതായി നടത്താനുദ്ദേശിക്കുന്ന പരിപാടികൾ, ഹൃദയാഘാത പരിചരണത്തിനായുള്ള സ്റ്റെമി (STEMI) പദ്ധതി , ടൈപ്പ് 1 പ്രമേഹത്തിനുള്ള ചികിത്സാ പദ്ധതി, കരൾ രോഗ ചികിത്സക്കായുള്ള NAFLD പദ്ധതി എന്നിവയാണ്.

**(ബി)** മുൻ സർക്കാരിന്റെ കാലത്ത് നടപ്പാക്കിയ 'ശൈലി ആപ്പ്' വഴിയുള്ള സ്ക്രീനിംഗിന്റെ നിലവിലെ പുരോഗതിയും രോഗസാധ്യത കണ്ടെത്തിയവർക്ക് നൽകിവരുന്ന തുടർചികിത്സാ സൗകര്യങ്ങളും വ്യക്തമാക്കാമോ;

**<u>മറുപടി:</u>** മുൻ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ വാർഷിക ആരോഗ്യ സർവ്വേ 30 വയസ്സിനു മുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളുടെയും ജീവിതശൈലി രോഗങ്ങൾ കണ്ടെത്തുന്നതിനാണ്. ഇ -ഹെൽത്ത് വികസിപ്പിച്ച ശൈലി എന്ന ആൻഡ്രോയിഡ് ആപ്ലിക്കേഷൻ മുഖേന ശൈലി സർവ്വേ നടപ്പിലാക്കി വരുന്നു. 2023-24 കാലഘട്ടത്തിൽ ഒന്നാംഘട്ട സർവ്വേയും, 2024-25 കാലഘട്ടത്തിൽ

രണ്ടാംഘട്ട സർവ്വേയും, 2026 ജനവരി മുതൽ മൂന്നാംഘട്ട സർവ്വേയും നടപ്പിലാക്കി വരുന്നു. ഈ സർവ്വേയിലൂടെ നിലവിൽ രോഗമുള്ള വ്യക്തികളുടെയും രോഗ സാധ്യതയുള്ള വ്യക്തികളുടെയും വ്യക്തമായ കണക്കുകൾ ലഭ്യമാകുന്നുണ്ട്. രോഗസാധ്യതയുള്ള വ്യക്തികളെ രോഗസ്ഥിരീകരണത്തിനായി അടുത്തുള്ള പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലേക്ക് റെഫർ ചെയ്യുകയും, രോഗം കണ്ടെത്തുന്നവർക്ക് അനുയോജ്യമായ ചികിത്സ ഉറപ്പാക്കുകയും ചെയ്യുന്നുണ്ട്. ശൈലി മൂന്നാംഘട്ടത്തിൽ 28,60,285 പേരുടെ സർവ്വേ ഇതിനോടകം പൂർത്തിയായിട്ടുണ്ട്. അതിൽ 11,70,784 പേർക്ക് ജീവിതശൈലി രോഗങ്ങളുണ്ടാകുന്നതിനുള്ള റിസ്ക്ഫാക്ടർ അഥവാ ഹേതുക്കൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. 31,692 പേർക്ക് കാൻസർ രോഗ സാധ്യതയും, 31,274 പേർക്ക് ടിബി രോഗത്തിനുള്ള സാധ്യതയും, 53,484 പേർക്ക് ശ്വാസകോശ രോഗ സാധ്യതയും

കണ്ടെത്തിയിട്ടുണ്ട്. 3,71,520 പേർക്ക് രക്താതിമർദ്ദം ഉള്ളതായും, 2,23,069 പേർക്ക് പ്രമേഹ രോഗമുള്ളതായും, 1,69,590 പേർക്ക് പ്രമേഹവും രക്താതിമർദ്ദമുള്ളതായും കണ്ടെത്തിയിട്ടുണ്ട്.

**(സി)** ശൈലി ആപ്പ് പദ്ധതിയുടെ ഭാഗമായി ഇതിനോടകം എത്ര പേർക്ക് സ്ക്രീനിംഗ് നടത്തിയിട്ടുണ്ടെന്നും അതിൽ അർബുദം, പ്രമേഹം, ഹൃദ്രോഗം എന്നിവയ്ക്ക് സാധ്യതയുള്ളവരായി കണ്ടെത്തിയവർക്ക് വേണ്ടി നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ;

**മറുപടി:** ശൈലി ഒന്നാംഘട്ടത്തിൽ 1,54,26,716 പേരുടെ സർവ്വേ പൂർത്തിയായിട്ടുണ്ട്. അതിൽ 27,91,062 പേർക്ക് ജീവിതശൈലി രോഗങ്ങളുണ്ടാകുന്നതിനുള്ള റിസ്ക്ഫാക്ടർ അഥവാ ഹേതുക്കൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. 9,13,484 പേർക്ക് കാൻസർ രോഗ സാധ്യതയും, 1,13,033 പേർക്ക് ടി.ബി. രോഗത്തിനുള്ള സാധ്യതയും, 4,38,469 പേർക്ക് ശ്വാസകോശ രോഗ സാധ്യതയും കണ്ടെത്തിയിട്ടുണ്ട്. 16,55,350 പേർക്ക് രക്താതിമർദ്ദം ഉള്ളതായും, 13,37,347 പേർക്ക് പ്രമേഹ രോഗമുള്ളതായും, 6,26,522 പേർക്ക് പ്രമേഹവും രക്താതിമർദ്ദമുള്ളതായും കണ്ടെത്തിയിട്ടുണ്ട്. ശൈലി രണ്ടാംഘട്ടത്തിൽ 1,43,94,851 പേരുടെ സർവ്വേ പൂർത്തിയായിട്ടുണ്ട്. അതിൽ 61,71,995 പേർക്ക് ജീവിതശൈലി രോഗങ്ങളുണ്ടാകുന്നതിനുള്ള റിസ്ക്ഫാക്ടർ അഥവാ ഹേതുക്കൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. 2,65,645 പേർക്ക് കാൻസർ രോഗ സാധ്യതയും, 2,92,524 പേർക്ക് ടി.ബി. രോഗത്തിനുള്ള സാധ്യതയും, 4,83,053 പേർക്ക് ശ്വാസകോശ രോഗ സാധ്യതയും കണ്ടെത്തിയിട്ടുണ്ട്. 18,33,547 പേർക്ക് രക്താതിമർദ്ദം ഉള്ളതായും, 12,42,046 പേർക്ക് പ്രമേഹ രോഗമുള്ളതായും, 8,23,712 പേർക്ക് പ്രമേഹവും രക്താതിമർദ്ദമുള്ളതായും കണ്ടെത്തിയിട്ടുണ്ട്.

ശൈലി മൂന്നാംഘട്ടത്തിൽ 28,60,285 പേരുടെ സർവ്വേ ഇതിനോടകം പൂർത്തിയായിട്ടുണ്ട്. അതിൽ 11,70,784 പേർക്ക് ജീവിതശൈലി രോഗങ്ങളുണ്ടാകുന്നതിനുള്ള റിസ്ക്ഫാക്ടർ അഥവാ ഹേതുക്കൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. 31,692 പേർക്ക് കാൻസർ രോഗ സാധ്യതയും, 31,274 പേർക്ക് ടി.ബി. രോഗത്തിനുള്ള സാധ്യതയും, 53,484 പേർക്ക് ശാസകോശ രോഗ സാധ്യതയും കണ്ടെത്തിയിട്ടുണ്ട്. 3,71,520 പേർക്ക് രക്താതിമർദ്ദം ഉള്ളതായും, 2,23,069 പേർക്ക് പ്രമേഹ രോഗമുള്ളതായും, 1,69,590 പേർക്ക് പ്രമേഹവും രക്താതിമർദ്ദമുള്ളതായും കണ്ടെത്തിയിട്ടുണ്ട്.

ശൈലി ആപ്പ് വഴി ജനങ്ങളെ ASHA പ്രവർത്തകർ ഗൃഹസന്ദർശനത്തിലൂടെ സർവ്വേ നടത്തുകയും വ്യക്തിയുടെ UHID ഉപയോഗിച്ച് വിവരങ്ങൾ രേഖപ്പെടുത്തുകയും, മൊബൈൽ ഫോണിൽ ചോദ്യാവലി ഉപയോഗിച്ച് രോഗം വരാൻ സാധ്യതയുള്ളവരെ കണ്ടെത്തുകയും, NCD രോഗ സാധ്യത കൂടുതലുള്ളവരെ ജനകീയ ആരോഗ്യകേന്ദ്രം വഴി സ്ക്രീൻ ചെയ്യുകയും, പ്രമേഹം, രക്തസമ്മർദ്ദം, ഹൃദ്രോഗം, ചില അർബുദങ്ങൾ, രോഗിയുടെ പ്രായം, പുകവലി/മദ്യപാനശീലം, കുടുംബരോഗ ചരിത്രം, ജീവിതശൈലി സംബന്ധമായ അപകട സാധ്യതകൾ എന്നീ വിവരങ്ങൾ ഡിജിറ്റൽ ആപ്പ് വഴി രേഖപ്പെടുത്തുകയും ചെയ്യുന്നു. അങ്ങനെ കണ്ടെത്തിയ ആളുകൾക്ക് ആവശ്യമായ തുടർ

പരിശോധനകളും, ചികിത്സകളും സർക്കാർ ആരോഗ്യകേന്ദ്രങ്ങളിൽ ലഭ്യമാക്കിയിട്ടുണ്ട്. ഈ സേവനങ്ങൾ തികച്ചും സൗജന്യമാണ്. ജനകീയ ആരോഗ്യകേന്ദ്രങ്ങളിലും, വാർഡുതലങ്ങളിലും എല്ലാ വ്യാഴാഴ്ചകളിലും, PHC യിൽ എല്ലാ ദിവസവും (ഞായർ ഒഴികെ) NCD ചികിത്സ നൽകി വരുന്നു.

INDIA Hypertension Control Initiative (IHCI) എന്ന പ്രോഗ്രാം വഴി ജീവിതശൈലി രോഗികളുടെ രക്തത്തിലെ പഞ്ചസാരയുടെ അളവ്, രക്തസമ്മർദ്ദം എന്നിവ HCI spreadsheet-ൽ രേഖപ്പെടുത്തുന്നു. ഇതിന്റെ വാർഷിക റിപ്പോർട്ട് ജില്ലാ ഓഫീസുകളിൽ ലഭ്യമാണ്.

രോഗ സാധ്യത കണ്ടെത്തിയ വ്യക്തികളെ തുടർ പരിശോധനയ്ക്കും, രോഗ സ്ഥിരീകരണത്തിനും ഏറ്റവും അടുത്തുള്ള ജനകീയ ആരോഗ്യ കേന്ദ്രത്തിലേക്കും, പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്കും റെഫർ ചെയ്യുകയും അതാത് രോഗത്തിന്റെ ദേശീയ പദ്ധതിയുമായി ബന്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

**(ഡി)** സംസ്ഥാനത്ത് ശൈലി ആപ്പ് പദ്ധതി വിജയകരമായി നടപ്പാക്കാൻ സാധിച്ചിട്ടുണ്ടോയെന്നറിയിക്കാമോ?

**മറുപടി:** സംസ്ഥാനത്ത് ശൈലി ആപ്പ് പദ്ധതി ആശാ പ്രവർത്തകരുടെ സഹായത്തോടുകൂടി വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്. ശൈലി ഒന്നും രണ്ടും സർവ്വേയിൽ മൊത്തം ജനസംഖ്യയുടെ 90 ശതമാനത്തോളം പേരെ സർവ്വേയ്ക്ക് വിധേയമാക്കാൻ സാധിച്ചിട്ടുണ്ട്. നിരവധി ആളുകളിൽ പുതിയതായി പ്രമേഹം, രക്താതിമർദ്ദം, ക്ഷയം, ശ്വാസകോശരോഗങ്ങൾ, കാൻസറുകൾ എന്നിവ കണ്ടെത്താനും സാധിച്ചിട്ടുണ്ട്. ശൈലി മൂന്നാം റൗണ്ട് സർവ്വേ ജനുവരി 2026ന് ആരംഭിക്കുകയും വിജയകരമായി പുരോഗമിക്കുകയും ചെയ്യുന്നു.

**സെക്ഷൻ ഓഫീസർ**